# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

വി.കെ.വി. എൻ. എസ്. എസ്

യു. പി. എസ്, പുനല

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ബി.കെ.വി.എൻ.എസ്.എസ്.യു.പി.എസ് പുന്തല

### സ്കൂൾ പ്രൊഫൈൽ

സ്കൂളിന്റെ പേര് : ബി.കെ.വി.എൻ.എസ്.എസ് യു.പി.എസ്, പുന്തല

സ്ഥാപിതമായ വർഷം : 1956

വില്ലേജ് : വെൺമണി

പഞ്ചായത്ത് : വെൺമണി

ബ്ലോക്ക് പഞ്ചായത്ത് : ചെങ്ങന്നൂർ

ജില്ല : ആലപ്പുഴ

ഉപജില്ല : ചെങ്ങന്നൂർ

ഹെഡ്മിസ്ട്രസിന്റെ പേര് : ബിന്ദു. M.S

മൊബൈൽ നമ്പർ : 9495567966

സീനിയർ അസിസ്റ്റന്റിന്റെ മൊബൈൽ നമ്പർ : 9446191174

സ്കൂളിന്റെ ഇ-മെയിൽ : bkvnssupspunthala36384@gmail.com

സ്കൂൾ കോഡ് : 36384

താലൂക്ക് : ചെങ്ങന്നൂർ

മാനേജർ : ബി. മുരളീധരൻ പിള്ള

മൊബൈൽ നമ്പർ : 9744581905
9188605905

# ആമുഖം.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ വെൺമണി പഞ്ചായത്തിൽ പുന്തല എന്ന കൊച്ചുഗ്രാമത്തിൽ കുളനട കൊല്ലകടവ് റോഡുവക്കിൽ കുളനട നിന്നും 2 Km പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന അപ്പർ പ്രൈമറി സ്കൂളാണ് പുന്തല ബി. കെ. വി എൻ. എസ് എസ്. യു. പി. സ്കൂൾ. 1956 ൽ പുന്തല 1038-ാം നമ്പർ എൻ. എസ്. എസ് കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ വിദ്യാലയം സ്ഥാപിച്ചു.

കഴിഞ്ഞ 64 വർഷക്കാലം കൊണ്ട് വെൺമണി, മുളക്കുഴ, കുളനട എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നായി നിരവധി വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തി സമൂഹത്തിന്റെ നാനാ തുറകളിലേക്ക് സംഭാവന ചെയ്യുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ പുന്തല ശ്രീരാഗം വീട്ടിൽ ശ്രീ. മുരളീധരൻ പിള്ള മാനേജരായും പുന്തല താഴെപ്പുളിയിൽ ശ്രീ. ബിനു ഭാസ്കർ PTA പ്രസിഡന്റായും നേതൃത്വം നൽകുന്ന മാനേജ്മെന്റ് കമ്മിറ്റിയുടെയും, PTA കമ്മിറ്റിയുടെയും നിസ്വാർത്ഥമായ പ്രവർത്തനം കൊണ്ട് പുന്തല എന്ന കൊച്ചുഗ്രാമത്തിൽ തലയെടുപ്പോടെ നിലകൊള്ളുന്ന ഈ വിദ്യാലയം നാടിന തന്നെ അഭിമാനമാണ്.

# പൊതുവിശകലനം

വെൺമണി പഞ്ചായത്തിലെ പുന്തലയിൽ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും വെൺമണി, മുളക്കുഴ, കുളനട എന്നീ പഞ്ചായത്തുകളിലെ കുട്ടികൾ പഠിക്കുന്നതുമായ യു.പി സ്കൂളാണിത്. SNDP LPS പുന്തല, JBS പുന്തല, MT LPS പുന്തല, SNDP LPS കൊഴുവല്ലൂർ എന്നീ സ്കൂളുകളിൽ നിന്ന് വരുന്ന കുട്ടികളാണ് ഇവിടെ കൂടുതലായും അധ്യയനം നടത്തുന്നത്. ഇവിടെ 5 മുതൽ 7 വരെ ക്ലാസുകളിലായി 46 കുട്ടികൾ പഠിക്കുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 6 അധ്യാപകർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഇവിടെ അറബി, സംസ്കൃതം എന്നീ ഭാഷകൾ പഠിപ്പിക്കുന്നു. 3 ക്ലാസ്മുറികളും ഒരു സയൻസ് ലാബും കമ്പ്യൂട്ടർ ലാബും ഇവിടെയുണ്ട്. ക്ലാസ്മുറികൾ ഇടുങ്ങിയതും 69 വർഷം പഴക്കമുള്ളതുമാണ്. ഭൗതിക സാഹചര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടേണ്ടതാണ്. LP, HS ഇവയില്ലാത്ത UP സെക്ഷൻ ആയത് കുട്ടികളുടെ എണ്ണത്തെ വളരെയേറെ ബാധിക്കുന്നു. ഇവിടെ മലയാളം മീഡിയത്തിലും ഇംഗ്ലീഷ് മീഡിയത്തിലും കുട്ടികൾ പഠിക്കുന്നു.

കുട്ടികൾ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽ നിന്നാണ് വരുന്നത്. രക്ഷിതാക്കളും വിദ്യാഭ്യാസപരമായി പിന്നിൽ ആയതിനാൽ കുട്ടികളെ സഹായിക്കാൻ പ്രാപ്തരല്ല. അധ്യാപകരുടെ ശ്രമഫലമായി കുട്ടികളെ എല്ലാ മേഖലകളിലും മുന്നോട്ട് കൊണ്ടുവരാൻ കഴിയുന്നുണ്ട്.

# ലക്ഷ്യങ്ങൾ

1) ഓരോ ക്ലാസ്സുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുക.
2) കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
3) എല്ലാ ക്ലാസ്സുകളിലും ICT സഹായത്തോടെ മെച്ചപ്പെട്ട പഠനം ഉറപ്പുവരുത്തുക.
4) കലാകായിക മേഖലകളിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുക.
5) പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തി പോരായ്മ പരിഹരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരിക.
6) ശാസ്ത്ര പഠനത്തിൽ പരീക്ഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
7) സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും ഹരിത പ്രോട്ടോക്കോൾ പാലിക്കുക.
8) ജൈവവൈവിധ്യോദ്യാനം പരിപാലിക്കുകയും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക.
9) കുട്ടികൾക്ക് കൃഷി പരിശീലനം നൽകുക.
10) ഉച്ചഭക്ഷണ പരിപാടിയിൽ കൂടുതൽ ജൈവോൽപന്നങ്ങൾ ഉപയോഗിക്കുക.
11) സ്കൂൾ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകുക.
12) സുരക്ഷാ മുൻകരുതലുകളെ കുറിച്ച് സാമൂഹ്യാവബോധം ഉണ്ടാക്കാനുള്ള നടപടികൾ ചെയ്യുക.
13) കായിക ക്ഷമത വർദ്ധിപ്പിക്കാനുള്ള പരിശീലനം നൽകുക.

14) കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിനായി യോഗ ക്ലാസ് തുടങ്ങുക.

## അധ്യാപകർ, അധ്യാപകേതര ജീവനക്കാർ എന്നിവരെക്കുറിച്ചുള്ള വിവരങ്ങൾ

| പേര് | തസ്തിക | ചുമതല |
|---|---|---|
| ബിന്ദു M.S | ഹെഡ്മിസ്ട്രസ് (Eng) | English club |
| ദീപ്തി.പി.നായർ | സീനിയർ അസിസ്റ്റന്റ് (BS, Mal, S.S) | PTA സെക്രട്ടറി, SS club Science club, വിദ്യാരംഗം |
| രാജശ്രീ. G | സംസ്കൃതം ടീച്ചർ | സ്റ്റാഫ് സെക്രട്ടറി, Noon Meal വിദ്യാരംഗം |
| ഹലീമബീവി. H | അറബി ടീച്ചർ | ഹെൽത്ത് ക്ലബ്ബ്, SS ക്ലബ്ബ് Eco-club |
| ശ്യാം. എസ് | UPST (Mathematics, Science) | SRG കൺവീനർ, Science club ICT കോർഡിനേറ്റർ |
| അജിത്ത് കുമാർ M.G | LG Hindi Teacher. | Library, Nature club Hindi club |

## ഭിന്നശേഷി കുട്ടികൾ

| പേര് (NAME) | ക്ലാസ് (class) | Disability. |
|---|---|---|
| Adwaith.A | VII | Cerebral pulsy |

# നിലവിലുള്ള സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
| --- | --- | --- |
| ക്ലാസ്മുറി | 6 | 2 |
| ടോയ്‌ലറ്റ് - Boys | 2 | - |
| ടോയ്‌ലറ്റ് - Girls | 2 | - |
| ലാബ് | 1 | - |
| ലൈബ്രറി | ഇല്ല | 1 |
| ചുറ്റുമതിൽ | ഉണ്ട് | - |
| കളിസ്ഥലം | ഉണ്ട് | - |
| അടുക്കള | ഉണ്ട് | - |
| കമ്പ്യൂട്ടർ ലാബ് | ഉണ്ട് | വേണം<br>വേണം |
| സയൻസ് ലാബ് | ഉണ്ട് | വേണം |
| ലാപ്ടോപ്പ് | 3 | 3 |
| പ്രൊജക്ടർ | 2 | 1 |
| സൗണ്ട് സിസ്റ്റം | 1 | 1 |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല | 3 |
| TV | ഇല്ല | 1 |
| മൈക്രോസ്കോപ്പ് | ഇല്ല | 3 |
| കളി ഉപകരണങ്ങൾ | ഇല്ല | ഫുട്ബോൾ, ചെസ് കാരംസ് ബോർഡ്, ബാറ്റ്, ഷട്ടിൽകോക്ക്, Snake & Ladder, ലൂഡോ. |

## പ്രശ്നങ്ങൾ   വെല്ലുവിളികൾ

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിക്കുന്ന പഠനനേട്ടം കൈവരിക്കാൻ കഴിയുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. റഫറൻസ് ബുക്കുകളുടെ അപര്യാപ്തത
4. ഭിന്നനിലവാരക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കാൻ കഴിയുന്നില്ല.
5. ക്ലാസ് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുന്നില്ല.
6. ICT സാധ്യത എല്ലാ വിഷയങ്ങൾക്കും പ്രയോജന-പ്പെടുത്താൻ കഴിയുന്നില്ല.
7. താഴ്ന്ന ക്ലാസുകളിൽ നിന്ന് അടിസ്ഥാനശേഷികൾ കൈവരിക്കാതെ വരുന്ന കുട്ടികൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ ലഹരിവി- രുദ്ധ ബോധം സൃഷ്ടിക്കാനും വികസിപ്പിക്കുക. | പോസ്റ്ററുകൾ, സെമിനാറുകൾ, ക്ലാസുകൾ, ചിത്രരചന, വ്യായാമം, യോഗ, വീഡിയോ പ്രദർശനം, കാർട്ടൂണുകൾ, സംവാദം, അനുഭവക്കുറിപ്പ്. | 03/6/25 to 13/06/25 വരെ | | അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - വിഷയം - മലയാളം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| • എഴുതാനും വായിക്കാനുമുള്ള ഭാഷയുടെ അടിസ്ഥാന ശേഷിക്കുറവ്. | അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുക. | ജൂൺ | 1000 രൂപ | മലയാളം അധ്യാപകർ |
| • മലയാള പഠനത്തിൽ മികവ് മെച്ചപ്പെടുത്തൽ | സാഹിത്യകാരന്മാരോടും സാഹിത്യ കൃതികളോടും അഭിരുചി വളർത്തുക. | ജൂലൈ | 1000 രൂപ | മലയാളം അധ്യാപകർ |
| • കുട്ടികളുടെ വായനാശീലം വളർത്തൽ | ലൈബ്രറി പുസ്തകങ്ങൾ വിതരണം ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, പുസ്തക പരിചയം. | ജൂൺ മുതൽ മാർച്ച് വരെ. | 10,000 രൂപ | മലയാളം അധ്യാപകർ |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പങ്കാളികൾ |
|---|---|---|---|---|
| ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടികൾക്ക് ഉപയോഗിക്കാൻ സാധിക്കുക | ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. | ഒരാഴ്ചവരെ | | അറബി അധ്യാപിക |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക. | ആഴ്ചയിലൊരിക്കൽ പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ അഞ്ച് വാക്കുകൾ കഥാകവിതാപുസ്തകങ്ങളിൽ നിന്ന് ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച്വരെ | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | മേൽനോട്ടം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രതത്വങ്ങൾ തിരിച്ചറിയുക | ആദ്യഘട്ടത്തിൽ, പച്ചക്കറി തോട്ടം, മണ്ണിര നിർമ്മിക്കുന്നു. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര പരീക്ഷണങ്ങൾ നടത്തി ശാസ്ത്ര തത്വങ്ങൾ തിരിച്ചറിയൽ. ലാബുകൾ സന്ദർശനം. | അക്കാദമിക വർഷം.<br>ജൂൺ മുതൽ | 2000 രൂപ | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് |
| | **പരീക്ഷണ കളരി**<br>പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂലൈ | 3000 രൂപ | ഹെൽത്ത് ക്ലബ്ബ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പങ്കാളികൾ |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപരമായ ജീവിതശൈലി പഠനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | ജൂൺ | | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിലേർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുന്നു. | ജൂൺ | | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,....... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |